വീണ്ടും വായിക്കാൻ

○

കെ.പി രാമനുണ്ണി



# ഇവരെക്കൊണ്ട് എന്താണ് ചെയ്യുക?

**ഇവരെക്കൊണ്ട്** എന്താണ് ചെയ്യുക? മുസ്‌ലിംകളെ ഉദ്ദേശിച്ച് ലോകത്തിന്റെ പല ഭാഗങ്ങളിലും ഉയർന്നുകൊണ്ടിരിക്കുന്ന, അല്ലെങ്കിൽ ചിലർ ഉയർത്താൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ചോദ്യമാണിത്. രണ്ടായിരത്തിൽ ആഫ്രിക്കൻ വംശജനായ ബ്രിട്ടീഷ് കവി ബെഞ്ചമിൻ സഫാനിയ, ഭാര്യ ആമിനയുമൊത്ത് എന്റെ അതിഥിയായി കോഴിക്കോട്ട് വന്നപ്പോഴായിരുന്നു ഈ ചോദ്യം ഞാൻ ആദ്യമായി പരിചയപ്പെട്ടത്. കോഴിക്കോട് നഗരത്തിൽ നാൽപത് ശതമാനത്തോളം മുസ്‌ലിംകളുണ്ടെന്ന് അറിയിച്ചപ്പോൾ ജടപിടിച്ച മുടിയും പലകപ്പല്ലുകളുമുള്ള കാപ്പിരി അത്ഭുതത്തോടെ എന്നെ നോക്കി തിരക്കി.

"How do you manage with these people?"

അത്യാവശ്യം മാപ്ലത്തമുള്ള പൊന്നാനി നായരായ ഞാൻ, കേട്ട കാര്യം പിടി

കിട്ടാതെ അമ്പരന്നുപോയി.

അഫ്ഗാനിസ്താനിലെ പുസ്തു വംശജയും മുസ്‌ലിമുമായ ആമിനയും ഭർത്താവിന്റെ ചോദ്യപ്പൊരുളിനെ അനുകൂലിക്കുകയാണ് ചെയ്തത്.

മതതീവ്രമായ താലിബാനിസം അഫ്ഗാനിസ്താനിൽ പിടിമുറുക്കുന്നതിനാൽ ആധുനികരായ മുസ്‌ലിംകൾക്കു പോലും അവിടെ കഴിഞ്ഞുകൂടാൻ പ്രയാസമാകുന്നതും തനിക്ക് ബീടരുടെ നാട് സന്ദർശിക്കാൻ വിഷമമാകുന്നതുമെല്ലാമായിരുന്നു ബെഞ്ചമിൻ സഫാനിയയുടെ ഇസ്‌ലാം അലർജിക്ക് കാരണം. ഇത്തരം പ്രവണതകൾ ലോകത്തിലെ പല മുസ്‌ലിം സമൂഹങ്ങളിലും പടർന്നു പിടിക്കുന്നുണ്ടത്രെ. നൂറ്റാണ്ടുകളായി കേരളത്തിലെ ഇതര സമുദായങ്ങൾ ആഘോഷിക്കുന്ന മുസ്‌ലിം സഹശയനത്തെക്കുറിച്ച് കാപ്പിരിക്കവിയോട് ഞാൻ വാചാലനായെങ്കിലും എന്റെ വർത്തമാനം അദ്ദേഹത്തിന് ബോധിച്ചതായി തോന്നിയില്ല.

ഹൂയ്...

കാപ്പിരി വെള്ളക്കാരെ അനുകരിക്കാൻ ശ്രമിക്കുമ്പോഴുണ്ടാകുന്ന വിലക്ഷണതയോടെ ബെഞ്ചമിൻ തോള് കുലുക്കി. പിന്നീട് പുവ്വാട്ടുപറമ്പ് അങ്ങായിടിൽ അദ്ദേഹം കവിത അവതരിപ്പിക്കുന്നതിനിടയിൽ ബാങ്ക് വിളി മുഴങ്ങി. ആലാപനം നിർത്താൻ ഞാൻ അഭ്യർഥിച്ചപ്പോഴും കവി ക്ഷോഭിച്ചു. കവിത ചൊല്ലലും ഈശ്വരാരാധനയാണെന്നായിരുന്നു ന്യായമെങ്കിലും അതിലും ഇസ്‌ലാം അലർജി വ്യക്തമായി തെളിഞ്ഞു.

2001 സെപ്റ്റംബർ 11 ടിൻ ടവർ ആക്രമണം കഴിഞ്ഞതോടെ ബെഞ്ചമിൻ സഫാനിയയുടെയും ആമിനയുടെയും ഇസ്‌ലാമിനോടുള്ള നിലപാട് ലോകമെങ്ങും കത്തിപ്പടർന്ന മുഖ്യധാരാ വികാരമായി സ്ഥാനം രേഖപ്പെടുകയായിരുന്നു. മുസ്‌ലിം വസ്ത്രധാരണത്തോടു കൂടിയ യാത്രക്കാർ എയർപോർട്ടുകളിലും തുറമുഖങ്ങളിലും സംശയിക്കപ്പെട്ടു. ഹാസൻ എന്ന പേരിലുള്ള അറബ് ചായ്‌വിനാൽ ലോകോത്തര കലാകാരനായ കമലഹാസൻ പോലും അമേരിക്കൻ എയർപോർട്ടിൽ അപമാനിക്കപ്പെട്ടു. യാതൊരു മുസ്‌ലിം ചായയും നാമധേയത്തിൽ വഹിക്കാത്ത എന്നോടു പോലും യൂറോപ്പ് യാത്രക്ക് മുമ്പ് താടിയുടെ നീളം അൽപം കുറക്കുന്നതല്ലേ നല്ലതെന്ന് ആതിഥേയനായ ബെൽജിയം ഫിലോലജിസ്റ്റിന് ചോദിക്കേണ്ടിവന്നു. മുസ്‌ലിം പെൺകുട്ടികൾ ശിരോവസ്ത്രം ധരിക്കുന്നത് പൊറുപ്പിക്കാനുള്ള വൈഷമ്യം കൊണ്ട് കുരിശുമാലയും സിക്ക് തലപ്പാവുമെല്ലാം ഫ്രഞ്ച് സർക്കാർ സ്കൂളുകളിൽ നിരോധിച്ചു. വാക്കിലെങ്കിലും ഇസ്‌ലാമിനോട് കൂറുപുലർത്തുന്ന സദ്ദാം ഹുസൈൻ നേതൃത്വം വഹിക്കുന്നതിനാലാകാം യാതൊരു നീതീകരണവുമില്ലാതെ ഇറാഖ് ആക്രമിക്കപ്പെട്ടപ്പോഴും മിക്ക ലോക രാഷ്ട്രങ്ങളും മൗനം ഭജിച്ചു. ഇസ്‌ലാം ബോംബായി ആവിർഭവിക്കുമോ എന്ന ബേജാറുകൊണ്ടായിരിക്കാം മറ്റു രാജ്യങ്ങളോടൊന്നും ഇല്ലാത്തവിധം ഇറാന്റെ ആണവശാക്തീകരണത്തെ അമേരിക്ക എതിർത്തു. നൂറ്റാണ്ടുകളായി ഇറാനുമായി സൗഹൃദമുള്ള ഇന്ത്യ പോലുള്ള രാഷ്ട്രങ്ങൾ കൂടി ആ അസഹിഷ്ണുതക്ക് തുല്യം ചാർത്തി.

ഭാരതത്തിൽ സാമാന്യമായി നിലനിന്നിരുന്ന ഹിന്ദു–മുസ്‌ലിം സൗഹൃദത്തെ കൊളോണിയൽ ഭരണാധികാരികൾ കഴിവതും താറുമാറാക്കിയിരുന്നുവല്ലോ. ബ്രിട്ടീഷ് വാഴ്ചയുടെ പോണപോക്കിൽ ഇന്ത്യാ മഹാരാജ്യം വിഭജിക്കപ്പെട്ടു രണ്ട് മതവിശ്വാസികളും തമ്മിലുള്ള അകലം ഒന്നുകൂടി വർധിപ്പിക്കപ്പെട്ടു. ഒന്ന് പറഞ്ഞ് രണ്ടാമത്തേതിന് എന്നാൽ നിങ്ങൾക്ക് പാകിസ്താനിൽ പോയിക്കൂടേയെന്ന് ജന്മാന്തരങ്ങ

ളായി ഈ മണ്ണിൽ ജീവിച്ചുപോരുന്ന മുസൽമാന്മാരോട് ചില വർഗീയവാദികൾക്കെങ്കിലും ചോദിക്കാമെന്നായി. പാകിസ്താനിൽ പോകാത്ത കുറ്റകൃത്യത്തിന് പിഴയായി ഇടക്കിടെ ദേശക്കൂറ് തെളിയിച്ചുകൊണ്ടിരിക്കുക എന്നത് ഇന്ത്യൻ മുസ്‌ലിംമിന്റെ കർത്തവ്യമായി. പാകിസ്താൻ രൂപീകരണത്തെക്കുറിച്ചോ ഇന്ത്യൻ ഭരണഘടനയെക്കുറിച്ചോ യാതൊരു ധാരണയുമില്ലാത്ത അയുക്തികളാണ് മേൽപറഞ്ഞ വാദങ്ങൾക്ക് ആധാരമെങ്കിലും ആ അയുക്തികൾ വലിയൊരു മതവിഭാഗത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ നിലവാരം താഴ്ത്തിക്കെട്ടുന്നതിൽ സുപ്രധാന പങ്കുവഹിക്കുക തന്നെ ചെയ്തു.

പല രാജ്യങ്ങളിലും വിശേഷിച്ച് സാമ്രാജ്യത്വ രാഷ്ട്രങ്ങളിൽ ഇസ്‌ലാമോഫോബിയ എന്ന് വിളിക്കാവുന്ന തരത്തിൽ മുസ്‌ലിംകളോടുള്ള നിഷേധത്വം വളർന്നതും അതിന്റെ അനുരണനങ്ങൾ ഇന്ത്യയിലും കണ്ടുതുടങ്ങി. ദേശസ്നേഹമില്ലാത്തവർ എന്ന കൊള്ളരുതായ്മയിൽനിന്ന് ഭീകരവാദി എന്ന പദവിയിലേക്ക് വളരെ വേഗമാണ് ഇന്ത്യയിലെ മുസൽമാൻ ഉയർത്തപ്പെട്ടത്. എല്ലാ മുസ്‌ലിംകളും ഭീകരരല്ലെങ്കിലും ഭീകരരെല്ലാം മുസ്‌ലിംകളാണെന്ന സൂക്തങ്ങൾ രചിക്കപ്പെട്ടു.

കൊളോണിയൽ ഭരണാധികാരികളുടെ കുത്തിത്തിരിപ്പുകളായിരുന്നല്ലോ ചരിത്രത്തിലുടനീളം ഹിന്ദുക്കളും മുസ്‌ലിംകളും തമ്മിൽ പ്രശ്നങ്ങൾ ഉണ്ടാക്കിയിരുന്നത്. പ്രത്യക്ഷ കൊളോണിയലിസം പോയെങ്കിലും അതിന്റെ സാംസ്കാരിക സ്വാധീനം എത്ര നിഷ്ഠുരമാണ് എന്നതിന്റെ തെളിവുകൾ പല സ്റ്റേറ്റുകളിലെയും പൊതുബോധത്തിൽ മുസ്‌ലിമിനോട് വന്ന അതിദ്രുത മനോഭാവ മാറ്റത്തിൽ കണ്ടെത്താവുന്നതാണ്. ഗുജറാത്തിൽ ഹിന്ദുത്വവാദികളുടെ നേതൃത്വത്തിൽ നടന്ന വംശഹത്യ ഈ സന്ദർഭത്തിൽ സവിശേഷപഠനം അർഹിക്കുന്നു. ഇന്ത്യാ മഹാരാജ്യത്തിന്റെ ഒരു ചരിത്ര സന്ധിയിലും യുദ്ധകാലത്തിലൊഴികെ ഒരു ഭാരതീയനും ഗുജറാത്തിൽ സംഭവിച്ചതുപോലെ ചെകുത്താനായിട്ടില്ല. അത്തരത്തിലുള്ള കലക്റ്റീവ് കോൺഷ്യസ്നസ്സ് അല്ല ഇന്ത്യക്കാരന്റേത്. ഹിന്ദുത്വവാദികളുടെ പ്രേരണയുണ്ടെങ്കിലും ഗാന്ധിജിയുടെ നാട്ടിൽ അയൽക്കാരായ മുസ്‌ലിംകളെ ജീവനോടെ ചുട്ടുകൊല്ലാൻ മുന്നിട്ടിറങ്ങിയത് പെണ്ണും പെടക്കോഴിയുമായി കഴിയുന്ന സാധാരണ മനുഷ്യരാണെന്ന് ഓർമവേണം. മുസ്‌ലിം സ്ത്രീകളെ ബലാത്സംഗം ചെയ്യാനും ഗർഭിണികളുടെ വയറ് തുരന്നെടുക്കാനും തങ്ങളുടെ പുരുഷന്മാരെ ആരതിയുഴിഞ്ഞ് അയച്ചത് സ്വന്തം കുട്ടികളെ താരാട്ട് പാടിയുറക്കുന്ന ഹിന്ദുമഹിളകളാണെന്നും മറക്കരുത്.

തരംതാഴ്ന്നവരെന്നോ ദേശസ്നേഹമില്ലാത്തവരെന്നോ കരുതുന്നവരോട് ഇത്രത്തോളം ക്രൂരമായി പെരുമാറാൻ ഭാരത്തിലെ ഒരു സ്ത്രീക്കും പുരുഷനും കഴിയുമെന്ന് തോന്നുന്നില്ല. അപ്പോൾ ഗുജറാത്തിൽ നടന്നത് തങ്ങളെ നശിപ്പിക്കാൻ വരുന്നു എന്ന് തെറ്റിദ്ധരിക്കപ്പെട്ടവരോട് പാരനോയിക് രോഗികൾ കാട്ടുന്ന ഉന്മാദപാതകമാണെന്ന് വിലയിരുത്തേണ്ടിവരും. ജോർജ് ബുഷിന്റെ പ്രലപനങ്ങൾ മുതൽ ഡാനിഷ് പത്രത്തിലെ പ്രവാചക കാർട്ടൂൺവരെ മുസ്‌ലിംകൾക്കു മുകളിൽ ചാർത്തുന്ന ഗതികെട്ട പ്രതിഛായയുടെ മനഃശാസ്ത്രപരമായ പ്രത്യാഘാതങ്ങൾ ഈ തരത്തിൽ ആലോചിക്കുമ്പോഴാണ് തിരിഞ്ഞുകിട്ടുക.

ഇസ്‌ലാംപേടിയും മുസ്‌ലിംവെറുപ്പും പല അളവുകളിൽ വ്യത്യസ്ത സംസ്ഥാനങ്ങളിൽ വളരുന്നുണ്ടെങ്കിലും അടുത്തകാലം വരെ കേരളം ഒരു അപവാദമായിരുന്നു. എന്നാൽ മലയാൺമയും രോഗാതുരമായിരിക്കുന്നു എന്ന സത്യം ഞെട്ടലോടെ ഇപ്പോൾ നാം തിരിച്ചറിയുകയാണ്. എലീസാ ടെസ്റ്റും വെസ്റ്റേൺ ബ്ലോട്ടും പോസീ

റ്റീവാണെന്ന അവസ്ഥയാണ് കശ്മീരിലേക്കുള്ള ചാവേർ റിക്രൂട്ട്മെന്റ്, ലൗ ജിഹാദ്, തടിയന്റവിട -സൂഫിയ മഅ്ദനി തുടങ്ങിയ വിഷയങ്ങളിലുള്ള കൊട്ടിഘോഷങ്ങളിൽ കാണുന്നത്.

നാല് മുസ്‌ലിം മലയാളികൾ കശ്മീർ പോലീസുമായുള്ള ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടു എന്ന വാർത്ത എച്ച്.ഐ.വി വൈറസ്സുകളെ ആദ്യമായി പ്രകോപിപ്പിക്കാൻ നിമിത്തമായി ഭവിക്കുകയായിരുന്നു. കശ്മീരിലേക്ക് ആയിരക്കണക്കിന് മുസ്‌ലിം യുവാക്കളെ ചാവേറുകളായി റിക്രൂട്ട് ചെയ്തിട്ടുണ്ടെന്ന കഥകളാണ് ഇതേത്തുടർന്ന് വാർത്താ മാധ്യമങ്ങളിൽ നിറഞ്ഞുതുള്ളിയത്. ദേശസ്നേഹമില്ലാത്തവൻ, ഭീകരവാദി എന്നീ രണ്ട് ട്രെന്റുകളും ഇഴപിരിക്കാൻ സാധ്യതയുള്ള സ്ക്രിപ്റ്റ് ആയതുകൊണ്ടുതന്നെ കശ്മീർ ചാവേർ റിക്രൂട്ട്മെന്റ് ആഴ്ചകളോളം ഹൗസ് ഫുൾ കളിച്ചു. സംഭവത്തിന് കശ്മീർ പോലീസിൽനിന്ന് പിന്നീട് സ്ഥിരീകരണങ്ങളൊന്നും ലഭിച്ചില്ലെന്ന് മാത്രമല്ല, ചാവേർ റിക്രൂട്ട്മെന്റിന്റെ കഥകൾ മുഴുവൻ അടിസ്ഥാനരഹിതമാണെന്ന് കേരള ആഭ്യന്തരമന്ത്രി പ്രഖ്യാപിക്കുകയും ചെയ്തു.

എന്നാൽ സംശയാകുലമായ പാരനോയിക് മനസ്സ് വസ്തുതകളോ തെളിവുകളോ ഒരു കാരണവശാലും സ്വീകരിക്കാൻ കൂട്ടാക്കുകയില്ല. അന്യനായ അക്രമി സ്വാഭാവികമായി പിന്നീട് ചെയ്യുന്ന കാര്യം പെണ്ണുങ്ങളെ പിടിച്ചുകൊണ്ടുപോകുകയാണല്ലോ എന്ന് അത് സങ്കൽപിക്കാൻ തുടങ്ങി. പത്തനംതിട്ടയിൽ രണ്ട് മിശ്രവിവാഹം നടന്നതോടെ ലൗ ജിഹാദ് എന്ന കരച്ചിൽ കേരളം മുഴുക്കെ മുഴങ്ങി. പ്രണയക്കുരുക്കിൽപ്പെടുത്തി ഹിന്ദു-ക്രിസ്ത്യൻ സമുദായങ്ങളിൽനിന്ന് ഇസ്‌ലാമിലേക്ക് മതം മാറ്റപ്പെടുന്ന പതിനായിരങ്ങളുടെ കദനകഥകൾ പ്രചരിക്കപ്പെട്ടു. പെൺമക്കൾ ക്രിസ്ത്യാനിയുടെ കൂടെ പോയാലും മുസ്‌ലിമിന്റെ കൂടെ പോകുന്നത് സഹിക്കാൻ കഴിയില്ലെന്ന് പറയാറുള്ള വരേണ്യ സ്ത്രീത്വം മറ്റെല്ലാ മിശ്രവിവാഹങ്ങളും മറന്ന് മുസ്‌ലിം ചെറുക്കൻ ഭർത്താവായി ഭവിച്ച നാട്ടിലെ കേസ്സുകൾ മാത്രം നിരന്തരം ഓർത്തുകൊണ്ടിരുന്നു. ലൗ ജിഹാദ് പ്രചാരണത്തെ നിരാകരിക്കുന്ന റിപ്പോർട്ട് ഡി.ജി.പി നൽകിയിട്ടും കേന്ദ്ര ആഭ്യന്തരവകുപ്പ് അത് സ്വീകരിച്ചിട്ടും ഒബ്സസ്സീവ് കംപൽസീവ് രോഗിയെപ്പോലെയാണ് ജസ്റ്റിസ് ശങ്കരൻപോലും ഇല്ലാത്ത പൂച്ചയെ ഇരുളിൽ തപ്പിയത്.

സെൻസേഷനായാലും ലഹരിയായാലും വിഷമായാലും വിവേചനബുദ്ധിയില്ലാതെ വായനക്കാർ ആവശ്യപ്പെടുന്നത് നൽകിക്കൊണ്ടിരിക്കുക എന്നതാണല്ലോ ഇന്നത്തെ പത്രധർമം. നാട്ടിൽ വളരുന്നുണ്ടെന്ന് സംശയിക്കുന്ന മുസ്‌ലിംവിരുദ്ധ വികാരത്തെ കേറ്റർ ചെയ്യാനുള്ള മറ്റൊരു വിഭവം കൂടി വൈകാതെതന്നെ മാധ്യമങ്ങൾക്ക് തടഞ്ഞുകിട്ടി. തടിയന്റവിട നസീർ-കളമശ്ശേരി ബസ് കത്തിക്കൽ-സൂഫിയാ മഅ്ദനി-ലഷ്കർ ത്വയ്യിബ ഗൂഢപദ്ധതി!

തമിഴ്നാട്ടുകാരുടെ ബസ്സായാലും ആളുകളെ ഇറക്കിയുള്ള കത്തിക്കലായാലും ആരാന്റെ വസ്തുവകകൾ നശിപ്പിക്കുന്നത് ക്രിമിനൽ പ്രവൃത്തിതന്നെ. പ്രതികൾ ശിക്ഷിക്കപ്പെടുകയും വേണം. എന്നാൽ പ്രതിഷേധ പ്രകടനത്തിനായി നടത്തിയ ക്രിമിനൽ പ്രവൃത്തിയെ ഒരു സമുദായത്തെ മുഴുവൻ കുറ്റം ചാർത്താനുള്ള ഭീകര പ്രവർത്തനമായി ചിത്രീകരിച്ച് തുടർക്കഥകൾ മെനയാനും കേസ് കോടതിയിലെത്തും മുമ്പ് വിധി പ്രഖ്യാപിക്കാനുമുള്ള ശ്രമങ്ങളാണ് കുറച്ചുകാലമായി കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്.

അസഹിഷ്ണുതയും മുൻവിധിയുംകുറച്ച് മലയാളികളിലെങ്കിലും കൊടികു

ത്തിവാഴുന്നു എന്നതിലുള്ള ഞെട്ടിത്തെറി ഈയിടെ ഞാൻ അനുഭവിച്ചു. കൈരളി ചാനലിന്റെ ക്രോസ് ഫയർ പരിപാടിയിൽ ബി.ആർ.പി ഭാസ്കറും ടി.കെ ഹംസയും തലേക്കുന്നിൽ ബഷീറും ഞാനും പങ്കെടുക്കുകയായിരുന്നു. കേരളീയ പാരമ്പര്യത്തിന് തീർത്തും വിരുദ്ധമായ മുസ്ലിംവിരോധം ഏതെല്ലാം തരത്തിലാണ് ഇന്ന് വിളയാടിക്കൊണ്ടിരിക്കുന്നതെന്നും അതിന്റെ ദുഷ്ഫലങ്ങൾ എന്തെല്ലാമായിരിക്കുമെന്നും ലബനോനെയും മറ്റും ഉദ്ധരിച്ച് ഞാൻ വിശദീകരിക്കുകയായിരുന്നു. പെട്ടെന്ന് സദസ്യരിൽ ഒരാൾ രാമനുണ്ണിയുടെ പേര് രാമൻ മഅ്ദനി എന്നാക്കണമെന്ന് ക്ഷോഭത്തോടെ ആക്രോശിക്കുകയുണ്ടായി. മുസ്ലിം സംഘടനകളിൽനിന്ന് പണം പററുന്ന പേന ഉന്തികളിൽ ഒരാളാണ് ഞാനെന്നും ആരോപിക്കപ്പെട്ടു.

ഇന്ത്യാ വിഭജനകാലത്ത് മുസ്ലിംകളെ അന്യദേശക്കാരായി അധിക്ഷേപിക്കാനുള്ള വാസന മിക്ക സംസ്ഥാനങ്ങളിലും രൂക്ഷമായപ്പോഴും കേരളത്തിൽ അയമുട്ട്യാക്ക നമ്മുടെ സ്വന്തത്തിൽ സ്വന്തമായിരുന്നു. ബാബരി മസ്ജിദ് പൊളിച്ചപ്പോഴും നല്ലൊരു ശതമാനം മുസ്ലിംകളുള്ള കേരളത്തിൽ ഹിന്ദു വിദ്വേഷത്തിന്റെ ഇലപോലും അനങ്ങിയിരുന്നില്ല (അത് വേറെ ഹിന്ദു, വേറേ ജന്തു– ഇവിടെയുള്ളത് കളത്തിൽതൊടീലെ പാറുക്കുട്ടീം വെട്ടുവോട്ടെ വേലായുധൻ നായരും കൊയ്യക്കാരൻ തുപ്രനുമല്ലേ?)

എന്നിട്ടും മുസ്ലിമിനെ അന്യനും അപകടകാരിയുമായി ചിത്രീകരിക്കാനുള്ള പ്രവണത അടുത്തകാലത്ത് നമ്മുടെ പൊതുബോധത്തിലും മാധ്യമങ്ങളിലും എന്തുകൊണ്ടാണ് പെട്ടെന്ന് കാറ്റ് പിടിച്ചത്? പുറത്തുനിന്നുള്ള എന്ത് ആശയവും, പാശ്ചാത്യമാണെങ്കിൽ വിശേഷിച്ചും ഇടംവലം നോക്കാതെ വെട്ടിവിഴുങ്ങാനുള്ള വാസന മലയാളിയിൽ നിലീനമാണല്ലോ. മനസ്സിന്റെ ഈ കൊളോണിയൽ അടിമത്തം കൊണ്ടായിരിക്കുമോ സാമ്രാജ്യത്വശക്തികൾ ഇസ്ലാമിനെ കുപ്പിക്കണ്ടമായി പരിഗണിച്ചപ്പോഴേക്ക് നമ്മളും മുസ്ലിം സഹോദരരെ സംശയിക്കാൻ തുടങ്ങിയത്? മുസ്ലിംകളെക്കൊണ്ട് എന്താണ് ചെയ്യുക എന്ന് കുരിശുയുദ്ധ പാരമ്പര്യക്കാർക്ക് ഇപ്പോഴും തോന്നുന്നതിൽ ചരിത്രപരമായ ഉള്ളടക്കങ്ങൾ കണ്ടേക്കാം. എന്നാൽ മുസ്ലിംകളെക്കൊണ്ട് കച്ചവട അഭിവൃദ്ധി, കടൽക്കാവൽ തുടങ്ങി ശബരിമല അയ്യപ്പന് ചങ്ങാത്തം വരെയുള്ള ഗുണഫലങ്ങൾ സിദ്ധിച്ചിട്ടുള്ള കേരളീയൻ ആ മനോഭാവം കടംകൊള്ളുന്നതിൽ എന്ത് അർഥമാണുള്ളത്?

## ഞങ്ങളെക്കൊണ്ട് എന്താണ് ചെയ്യുക?

ഒരു സമുദായത്തെ മറ്റുള്ളവർ അന്യവത്കരിക്കാൻ തുടങ്ങിയാൽ അവർ കൂടുതൽ കൂടുതൽ അതിനുള്ള കാരണങ്ങൾ ഉണ്ടാക്കിക്കൊടുക്കുമെന്നത് മനശ്ശാസ്ത്രപരമായ ദൂഷിതവൃത്തമാണ്. നിങ്ങളെക്കൊണ്ട് എന്താണ് ചെയ്യുക എന്ന് എല്ലാവരും നിരന്തരം ചോദിച്ചുകൊണ്ടിരുന്നാൽ തങ്ങളെക്കൊണ്ട് എന്താണ് ചെയ്യുക എന്ന് മുസ്ലിംകൾക്കും സ്വയം തോന്നിപ്പോകും. തങ്ങളെക്കൊണ്ട് എന്താണ് ചെയ്യുക പടച്ചോനേയെന്ന് വ്യത്യസ്ത ചിന്താഗതിക്കാർക്ക് വ്യത്യസ്ത തരത്തിലാണ് കേരളത്തിലിപ്പോൾ തോന്നിക്കൊണ്ടിരിക്കുന്നത്. ആദ്യത്തെ കൂട്ടർ സ്വന്തം മതത്തോടും അതിന്റെ അനുയായികളോടും എന്തെല്ലാമോ അനിഷ്ടം പുലർത്തുന്നവരാണ്. മറ്റുള്ളവർ മുസ്ലിംകളോട് എന്ത് അതിക്രമം കാണിച്ചാലും അതിനുള്ള കാരണങ്ങൾ ഇസ്ലാമിന്റെ സിദ്ധാന്തത്തിലും പ്രയോഗത്തിലും അവർ കണ്ടെത്തുക തന്നെ ചെയ്യും. ലൗ ജിഹാദ് വിഷയത്തെക്കുറിച്ചുള്ള കെ.എം സലീം കുമാറിന്റെ ലേഖനത്തിന് പ്രതി

കരണമായി ഹമീദ് ചേന്ദമംഗല്ലൂർ എഴുതിയ നിരീക്ഷണം ഈ പ്രതിഭാസത്തിന്റെ ഒന്നാന്തരം ഉദാഹരണമാണ്. അന്യസമുദായ സ്ത്രീകളെ റാഞ്ചുന്നവരായി മുസ്‌ലിം സമുദായത്തെ ദുരുദ്ദേശ്യത്തോടെ ചിത്രീകരിക്കുന്നതിലായിരുന്നില്ല നിരീക്ഷണത്തിലുടനീളം ഹമീദിന്റെ ഫോക്കസ്. ഇന്ത്യൻ പൗരന്മാരായ, ഇന്ത്യൻ മുസ്‌ലിം സംഘടനകളിൽപെട്ട ചിലർ ഇന്ത്യൻ ഭരണഘടന അനുവദിക്കുന്ന പ്രണയത്തെയും അതിനെ തുടർന്നുള്ള മതപരിവർത്തനത്തെയും ന്യായീകരിക്കുന്നതിലായിരുന്നു അദ്ദേഹത്തിന് പ്രതിഷേധം.

പ്രണയജന്യമായ മിശ്രവിവാഹങ്ങളെയും അതോടനുബന്ധിച്ചുള്ള മതപരിവർത്തനങ്ങളെയും അംഗീകരിക്കുന്നവർക്ക് അങ്ങോട്ടും ഇങ്ങോട്ടും വഴി ഒപ്പമാകേണ്ടേ? മതം ഉപേക്ഷിച്ച മുർതദ്ദിനെ കൊല്ലാൻ പാകിസ്താനിലും യൂസുഫുൽ ഖറദാവിയുടെ പുസ്തകത്തിലും ശാസനയുള്ളപ്പോൾ മുസ്‌ലിം പെൺകുട്ടിയെ അന്യമത കാമുകന്റെ മതത്തിലേക്ക് മാറ്റാൻ നിങ്ങൾ സമ്മതിക്കുമോ? ഇങ്ങനെയെല്ലാം പോകുന്നു ആ ശകാരങ്ങൾ. പാകിസ്താൻ സർക്കാറിന്റെയും യൂസുഫുൽ ഖറദാവിയുടെയും ഏകപക്ഷീയതകൾക്ക് പിഴയായി അന്യമത സ്ത്രീകളെ വിവാഹം ചെയ്തുപോയ കേരള മുസ്‌ലിം പുരുഷന്മാർ തങ്ങളുടെ ഇണകളെ നിരുപാധികം വിട്ടുകൊടുക്കണമെന്ന് മാത്രം ഹമീദ് ചേന്ദമംഗല്ലൂർ ഭാഗ്യത്തിന് പറഞ്ഞില്ല. ഇന്ത്യൻ പൗരത്വമുണ്ടെങ്കിലും ഇവിടത്തെ മുസ്‌ലിംകൾക്ക് വിദേശത്തുനിന്നുള്ള കൽപനകളോടാണ് കൂടുതൽ പ്രതിബദ്ധതയും അക്കൗണ്ടബിലിറ്റിയുമെന്ന ഹിന്ദുത്വവാദികളുടെ മുൻധാരണ ഹമീദിന്റെ വാദങ്ങളിൽ കാണാൻ കഴിയും.

മതം ഉപേക്ഷിച്ചവനെ കൊല്ലാൻ ഇസ്‌ലാമിൽ ശാസനയില്ലെന്നും അങ്ങനെ വ്യവഹരിക്കപ്പെടുന്ന പരാമർശം രാജ്യദ്രോഹത്തിനാണ് ബാധകമെന്നും ശൈഖ് മുഹമ്മദ് കാരകുന്നിനെപ്പോലുള്ള ഇസ്‌ലാമിക പണ്ഡിതർ വിശദീകരിച്ചതൊന്നും ചെവിക്കൊള്ളാതെയാണ് ഹമീദിന്റെ കുറ്റാരോപണങ്ങൾ. ഗണേശനെ വിവാഹം കഴിച്ച് ഗീതയായി മാറിയ ചേളന്നൂർ പള്ളിപ്പൊയിൽ ഹാജറയും ഭർത്താവ് മനോജിനോടൊപ്പം ഹിന്ദു സമ്പ്രദായങ്ങളോടെ പേരാമ്പ്രയിൽ കൂടുന്ന ഷഹിർബാനും ക്രിസ്ത്യൻ യുവാവ് ഷാജിയുടെ ഭാര്യയായി മറിയം എന്ന പേരുമാറ്റത്തോടെ ജീവിക്കുന്ന പെരിന്തൽമണ്ണക്കാരി ഷറഫാനും ലേഖനത്തിൽ പഴിക്കപ്പെടുന്ന മുസ്‌ലിം മെമ്പർമാരാൽ കശാപ്പ് ചെയ്യപ്പെടാതെ കേരളത്തിൽ ജീവനോടെ ബാക്കിയുണ്ടെന്ന വസ്തുതതയും ഹമീദ് മറച്ചുവെക്കുന്നു. ഈ മനോഭാവം വെച്ച് നോക്കുമ്പോൾ ഒരു കാര്യം തീർച്ചയാണ്. ഫാഷിസ്റ്റുകളോ ഇമ്പീരിയലിസ്റ്റുകളോ എന്ത് കൊടുംപാതകം നാട്ടിലെ മുസ്‌ലിംകളോട് കാണിച്ചാലും അതിനെ ന്യായീകരിക്കുന്ന തെറ്റുകുറ്റങ്ങൾ വേദഗ്രന്ഥത്തിലോ ഹദീസുകളിലോ ലോകത്തെവിടെയെങ്കിലുമുള്ള ഇസ്‌ലാമിക സമൂഹങ്ങളിലോ ഹമീദ് കണ്ടെത്തിക്കൊടുക്കുന്നതായിരിക്കും. നീ ചെയ്തിട്ടില്ലെങ്കിൽ നിന്റെ മുത്തപ്പായി ചെയ്തിട്ടുണ്ടെന്ന് പറഞ്ഞ് നിഷ്കളങ്കരെ മർദിക്കുന്ന പോലീസിന്റെ രീതിശാസ്ത്രമാണിത്.

കേരളത്തിൽ പതിയെപ്പതിയെ വളർന്നുവരുന്ന മുസ്‌ലിംവിരോധം സൂക്ഷ്മസ്പർശിനികളിൽ പിടിച്ചെടുത്ത് അത്യന്തം വ്യാകുലരാകുന്നവരാണ് തങ്ങളെക്കൊണ്ട് എന്താണ് ചെയ്യുക എന്ന് സ്വയം ചോദിക്കുന്ന മുസ്‌ലിംകളിലെ രണ്ടാമത്തെ കൂട്ടർ. നിരാശയും വ്യാകുലതയും ഇവരെ കടുത്ത അശുഭചിന്തകളിൽ എത്തിക്കുന്നു. "കുറച്ചു കാലം കഴിഞ്ഞാൽ മുസ്‌ലിംകൾക്കിവിടെ ജീവിക്കാൻ പറ്റാതാകും രാമനുണ്ണീ, ഞങ്ങളെ പിന്തുണക്കുന്ന നിങ്ങളെപ്പോലുള്ളവർക്കും രക്ഷയില്ലാതാകും"–എ.പി

കുഞ്ഞാമു ഒരിക്കൽ എന്നോട് ഇങ്ങനെ പറഞ്ഞിട്ടുണ്ട്. കുറ്റപ്പെടുത്താൻ പറ്റില്ലെങ്കിലും അതിരുകടന്ന ദുരന്തദർശനമാണിത്. *മാതൃഭൂമി*യിൽ ഈയിടെ പ്രസിദ്ധീകരിച്ച ലേഖനത്തിൽ ഒ. അബ്ദുർറഹ്മാനും സമാനമായ പെസിമിസം ഇപ്രകാരം പങ്കുവെക്കുന്നു: "... എങ്കിൽ ഹിന്ദുത്വത്തെ പ്രതിനിധാനം ചെയ്യുന്ന പാർട്ടി തെരഞ്ഞെടുപ്പിൽ വൻഭൂരിപക്ഷത്തോടെ ജയിച്ചുകയറേണ്ടതല്ലേ എന്ന ചോദ്യം ഉയരാം. മതേതരത്വത്തിന്റെ മേൽവിലാസത്തിൽ തന്നെ ഹിന്ദുത്വ അജണ്ട സമർഥമായി നടപ്പാക്കാൻ കഴിയുന്നവർ ന്യൂനപക്ഷങ്ങളുടെ കൂടി പിന്തുണയോടെ രംഗത്തുള്ളപ്പോൾ പിന്നെയെന്തിനാണ് പച്ചയായ വർഗീയ കാർഡ് കളിക്കുന്നവരെ ജയിപ്പിക്കണം എന്ന ചിന്തയിലാണ് അതിനുള്ള ഉത്തരം."

ഹിന്ദുത്വ വർഗീയതയുടെ അർഥശൂന്യമായ അജണ്ടകൾ തിരസ്കരിച്ചതുകൊണ്ടാണല്ലോ ഇന്ത്യയിലെ ജനങ്ങൾ പിന്നെയുള്ള പ്രബലമായ ഓപ്ഷനെ വോട്ട് ചെയ്ത് വിജയിപ്പിച്ചത്. അങ്ങനെ അധികാരത്തിൽ വന്നവരുടെ നേതൃത്വ ഇടങ്ങളിലും രഹസ്യമായ വർഗീയ അജണ്ടകൾ ഉണ്ടായിരിക്കാം. എന്നാൽ മതേതരത്വത്തിന്റെ മേൽവിലാസത്തിൽ ഹിന്ദു വർഗീയത നടപ്പാക്കണം എന്ന ഹിപ്പോക്രസിയായിരുന്നു വോട്ടർമാരുടെ ഗൂഢോദ്ദേശ്യമെന്ന് ധ്വനിപ്പിക്കുന്നത് മനോവിഷമത്തിൽനിന്ന് ജനിക്കുന്ന തമോവീക്ഷണം മാത്രമാണ്. അത്രത്തോളം കപടരായി മാറിയോ ഇന്ത്യയിലെ പാവപ്പെട്ട ജനങ്ങൾ?

മറ്റുള്ളവർ അന്യവത്കരിക്കുന്ന സമുദായം സ്വയം അന്യവത്കരണം ഏറ്റെടുക്കുന്നതോടെ സമൂഹത്തിലെ ധ്രുവീകരണം പൂർത്തിയാവുകയാണ് ചെയ്യുന്നത്. ഇപ്പോ അടികിട്ടുമെന്ന മുഖഭാവം പ്രകടിപ്പിക്കുന്ന കുട്ടിക്ക് തല്ല് കൊള്ളുകതന്നെ ചെയ്യുമെന്നതിൽ ഒരു 'Reciprocating psychologial effect' ഉണ്ട്. നിരാശകൊണ്ടും വ്യാകുലതകൊണ്ടും സംഭവിക്കുന്നതാണെങ്കിലും മുസ്‌ലിംകളിലെ 'Persecution complex' വിപരീതഫലമേ സൃഷ്ടിക്കുകയുള്ളൂ. ഈ വിനാശം ഇല്ലായ്മ ചെയ്യാൻ സന്മനസ്സുള്ള ഭൂരിപക്ഷസമുദായത്തിന്റെ ഇടപെടലും അവരുമായി മുസ്‌ലിംകൾ പുലർത്തേണ്ട ഏറിയ വിനിമയവും മാത്രമേ പോംവഴിയുള്ളൂ.

തങ്ങൾ അന്യവത്കരിക്കപ്പെടുന്നതിലെ ജാള്യം ഒഴിവാക്കാൻ അത് ഒഴിയാവിധിയാണെന്ന സിദ്ധാന്തം മെനയുന്നവരാണ് മുസ്‌ലിംകളിലെ മറ്റൊരു കൂട്ടർ. ലഹരിവസ്തുക്കൾപോലെ വേദനയിൽനിന്ന് ഒളിച്ചോടാനുള്ള ഫലപ്രദമായ മാർഗം. ദിശ ഇസ്‌ലാമിക് എക്സിബിഷന്റെ ഭാഗമായി തൃശൂരിൽ നടന്ന സാഹിത്യ സമ്മേളനത്തിലാണ് ഇങ്ങനെയൊരു ഡിഫൻസ് മെക്കാനിസം ഞാൻ ആദ്യമായി നേരിടുന്നത്. വിഷയം അവതരിപ്പിച്ച ടി. മുഹമ്മദ് വേളം "ഇസ്‌ലാം എപ്പോഴും വേവാത്ത കറിക്കഷണം പോലെയാണ് മറ്റു സമുദായങ്ങൾക്കിടയിലെ"ന്ന് പറഞ്ഞപ്പോൾ ഞാൻ അക്ഷരാർഥത്തിൽ ഞെട്ടിപ്പോയി. വേവാത്ത കഷ്ണം കറിയിൽനിന്ന് എടുത്ത് മാറ്റുകയല്ലേ നിവൃത്തിയുള്ളൂ. അതുപോലെ ഇന്ത്യൻ ജീവിതത്തിൽനിന്നോ കേരള സമൂഹത്തിൽനിന്നോ മുസ്‌ലിംകളെ എടുത്തു മാറ്റുകയോ അവർ ഒഴിഞ്ഞുപോവുകയോ ചെയ്യണമെന്നാണോ? (അല്ല, ശിവസേനയുടെ അനുയായിയോ!)

പീഡിതബോധവും അതിൽനിന്ന് ഉടലെടുക്കുന്ന വിവിധ ഡിഫെൻസ് മെക്കാനിസങ്ങളും സ്വയം അപകടപ്പെടുത്തുന്ന, വസ്തുതാവിരുദ്ധമായ നിഗമനങ്ങളിലേക്കാണ് ആരെയും എത്തിക്കുക. മറ്റു മതസ്ഥർക്കിടയിൽ വേവാത്ത കറിക്കഷ്ണമാണ് ഇസ്‌ലാമെന്ന് വിശേഷിപ്പിക്കുന്നത് ദൈവശാസ്ത്രപരമായും ചരിത്രപരമായും തെറ്റാണെന്ന് പറയേണ്ടിവരും. ഭൂമിയിൽ ജന്മമെടുത്ത സകല പ്രവാചകരെയും അംഗീ

കരിക്കുന്നതും അവർ അരുളിയ സനാതന മതത്തെ ഉയർത്തിപ്പിടിക്കുന്നതുമായ ഇസ്‌ലാം മറ്റു മതങ്ങൾക്കിടയിൽ നേതൃത്വപരവും പശത്വപരവുമായ സ്ഥാനമല്ലേ നിർവഹിക്കേണ്ടത്? അതുപോലെ അറേബ്യയിൽനിന്ന് മറ്റു രാജ്യങ്ങളിലേക്ക് വ്യാപിച്ച മതം വിവിധ സംസ്‌കാരവിശേഷങ്ങളെ സ്വാംശീകരിച്ച് കൂടിക്കലർന്ന് പൊറുത്ത തിന്റെ ചരിത്രസാക്ഷ്യം ഇന്ത്യയിലും ഇന്തോനേഷ്യയിലും മലേഷ്യയിലും ആഫ്രി ക്കയിലും മറ്റും കാണാൻ കഴിയില്ലേ?

## ലോകക്രമത്തിനോടുള്ള കലഹം

ടിൻ ടവർ തകർത്തവർ ഇസ്‌ലാമിനെ പ്രതി ആണയിട്ടതും, സദ്ദാം ഹുസൈൻ അമേരിക്കയെ ധിക്കരിച്ചതും, ഇറാൻ ആണവപരിപാടികളുമായി മുന്നോട്ടുപോയതും മറ്റുമാണ് വികസിത സാമ്രാജ്യത്വ രാജ്യങ്ങളിൽ ഇസ്‌ലാമോഫോബിയ സൃഷ്ടിച്ച തെന്ന വിലയിരുത്തൽ തീർത്തും ബഹിർഭാഗസ്ഥമാണ്. രണ്ട് ജീവിതദർശനങ്ങൾ തമ്മിലുള്ള സംഘർഷമാണ് സത്യത്തിൽ ഇസ്‌ലാമിനെ നവലോകക്രമത്തിന്റെ കണ്ണിലെ കരടാക്കി മാറ്റുന്നത്. ഒരു പൊരുളിലും ആലംബമില്ലാത്ത സോഷ്യൽ ഡാർവിനിസവും അത്തരത്തിലുള്ള അതിജീവനവഴികളും മൂല്യരഹിതമായ പദാർഥ വാദവും ആർത്തി മാത്രമായ ഉൽപാദനരീതിയുമാണ് പുതിയ ലോകഘടനയുടെ സ്വഭാവവിശേഷം. എന്നാൽ സങ്കൽപനങ്ങളുടെയും മൂല്യങ്ങളുടെയും മരണാനന്തര അക്കൗണ്ടബിലിറ്റിയുടേതുമായ സ്വയം നിർമിത സത്യപ്രപഞ്ചമാണ് ഇസ്‌ലാമിനാ യാലും മറ്റു മൗലിക മതദർശനങ്ങൾക്കായാലും മുന്നോട്ടുവെക്കാനുള്ളത്. മറ്റു മത സ്ഥർ വ്യവസ്ഥിതിയുടെ സ്റ്റാറ്റസ്‌കോയുമായി ഒത്തുതീർപ്പ് നടത്തി തങ്ങളുടെ വിശ്വാസ ലോകത്തെ ഉള്ളിലൊതുക്കുമ്പോൾ മുസ്‌ലിംകൾ അതിന് സാമൂഹികമായ സാക്ഷാത്കാരങ്ങൾ സൃഷ്ടിക്കാൻ കുറച്ചെങ്കിലും ശ്രമിക്കുന്നു എന്നതാണ് അവരെ പ്രശ്നകാരികളായി തോന്നിപ്പിക്കുന്നത്.

വിവിധ രാജ്യങ്ങളിലുള്ള മുസ്‌ലിംകളും പുതുലോകഘടനയുടെ നിയമങ്ങൾക്ക് വഴങ്ങിയല്ലേ ജീവിക്കുന്നത്? ഇസ്‌ലാമിക രാഷ്ട്രങ്ങൾ എന്ന് സ്വയം വിശേഷിപ്പിക്കു ന്നവയല്ലേ സാമ്രാജ്യത്വ മുതലാളിത്ത വ്യവസ്ഥയെ ഏറ്റവും മൂട് താങ്ങുന്നത്? തുട ങ്ങിയ ചോദ്യങ്ങൾ കൊണ്ട് എന്റെ ചിന്താണ്ഡലത്തെ അർഥരഹിതമെന്ന് അധിക്ഷേ പിക്കാവുന്നതാണ്. പക്ഷേ, ക്യൂബ എന്നൊരു കൊച്ചു രാജ്യം പ്രക്ഷേപിക്കുന്ന മൂല്യ ഘടനയെപ്പോലെയോ, അതിലും എത്രയോ മടങ്ങോ ഇസ്‌ലാം പ്രതിനിധീകരിക്കുന്ന വ്യവസ്ഥിതിയെ സാമ്രാജ്യത്വക്രമം ഭയക്കുന്നുണ്ട്. കാരണം, യോജിച്ചാലും വിയോ ജിച്ചാലും മനുഷ്യന്റെ ഭൗതികവും ആത്മീയവുമായ സകലതിനെയും അഭിമുഖീക രിക്കുന്ന ദർശനപദ്ധതിയാണ് ഇസ്‌ലാം. അതുകൊണ്ടായിരിക്കാം ബ്രിട്ടനിലെ നാഗ രിക സംസ്‌കൃതി ഉള്ളിൽ പോറ്റുന്ന ബെഞ്ചമിനും ആമിനയും കോഴിക്കോട്ടെ പ്രാക്റ്റീ സിംഗ് മുസ്‌ലിംകളുടെ ആധിക്യം കണ്ട് How do you manage with these people എന്ന് എന്നോട് ചോദിച്ചത്.

## ലിബറേഷൻ ഹിന്ദൂയിസം

ഇന്ത്യാ രാജ്യത്ത് പതിനഞ്ച് ശതമാനവും കേരളത്തിൽ ഇരുപത്തിയേഴ് ശത മാനവും മുസ്‌ലിംകളുണ്ട്. ഇത്ര വലിയൊരു ജനവിഭാഗം അന്യവത്കരിച്ചോ താളം തെറ്റിയോ നിന്നുകൊണ്ട് രാഷ്ട്രത്തിന്റെയോ സംസ്ഥാനത്തിന്റെയോ മുന്നോട്ടുള്ള പ്രയാണം സുസാധ്യമല്ല. കൊളോണിയൽ ഭരണത്തിനു മുമ്പ് ഹിന്ദുക്കളും മുസ്‌ലിം കളും ബലാബലത്തിന് നിൽക്കാതെ ഇവിടെ സുഖമായി കഴിഞ്ഞുകൂടിയിരുന്നു എന്ന തിന്റെ ചരിത്രസാക്ഷ്യം സാഹിത്യത്തിലും കലയിലും ഉത്സവാഘോഷങ്ങളിലും

എന്തിന് ജനസംഖ്യയുടെ അനുപാതത്തിൽ പോലും പതിഞ്ഞു കിടക്കുന്നുണ്ട്. കേരളമാകട്ടെ മതമൈത്രിയുടെ ലോകോത്തര മാതൃകയായി എക്കാലവും കണക്കാക്കിപ്പോന്നു.

ഇറക്കുമതി ചെയ്യപ്പെട്ട വസ്തുപോലെ വിഘടിച്ചു നിൽക്കാതെ ഇന്ത്യയിൽ ഇസ്‌ലാമിന് ജൈവമായി വളരാൻ കഴിഞ്ഞത് ഭാരതീയ സംസ്കൃതിയും അതും തമ്മിലുള്ള എന്തെല്ലാമോ ചേർച്ചകൾ കൊണ്ടാണ്. ദൈവശാസ്ത്രപരമായി നോക്കിയാലും ജീവിതവീക്ഷണപരമായി സമീപിച്ചാലും പിണക്കത്തിന്റെ കെറുവുകളല്ല, ഇണക്കത്തിന്റെ പ്രസാദങ്ങളാണ് ഇസ്‌ലാമും ഭാരതീയ ദർശനങ്ങളും തമ്മിൽ കണ്ടെത്താൻ കഴിയുക. ഈശ്വര സംബന്ധിയായി മുപ്പത്തിമുക്കോടി സാഹിത്യം രചിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഭാരതീയ ദർശനത്തിന്റെ പ്രധാന ആലംബം ഇസ്‌ലാമിലേതുപോലെ ഏകദൈവപ്പൊരുളിൽ തന്നെയാണ്. ശ്രീരാമാനുജൻ, മധ്വാചാര്യൻ തുടങ്ങി എത്രയോ ആത്മീയാചാര്യർ ഇക്കാര്യം അസന്ദിഗ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്. അദ്വൈതത്തിൽ നിന്ന് ദ്വൈതത്തിലേക്കും ദ്വൈതത്തിൽനിന്ന് അദ്വൈതത്തിലേക്കുമുള്ള മെറ്റമോർഫസിസ്സാണ് തത്ത്വജ്ഞാനിയും സ്തോത്രകാരനുമായ ശങ്കരാചാര്യരുടെ രണ്ട് സ്വത്വത്തിനുമിടയിൽ നടന്നിരുന്നതെന്ന് തോന്നാറുണ്ട് (അതായത് ഏകത്വത്തിൽനിന്ന് ദൈവത്വത്തിലേക്കും ദൈവത്വത്തിൽനിന്ന് ഏകത്വത്തിലേക്കുമുള്ള മെറ്റമോർഫസിസ്).

ഋഗ്വേദത്തിന്റെ പ്രാരംഭസൂക്തങ്ങളും വിശുദ്ധ ഖുർആന്റെ ഒന്നാം അധ്യായമായ ഫാത്തിഹയും തമ്മിൽ അത്യത്ഭുതകരമായ സാദൃശ്യമാണ് കാണുന്നത്. വാക്കിലും വാഗ്ദാനത്തിലുമുള്ള പാവനത്വം, സെക്സിനോടുള്ള നിലപാട് എന്നീ ജീവിതസമീപനപരമായ കാര്യങ്ങളിലും ഇസ്‌ലാമും ഹൈന്ദവതയും ഒരേ പക്ഷത്ത് നിൽക്കുന്നു. അറിയാതെ പറഞ്ഞുപോയ വാക്കിന്റെ പേരിൽ പോലും സാമ്രാജ്യം ദാനം ചെയ്യുകയും ജീവിതം മുഴുവൻ വിവാഹം കഴിക്കാതിരിക്കുകയും ചെയ്ത എത്രയോ പുണ്യാത്മാക്കളെ ഹൈന്ദപുരാണത്തിൽ കാണാം. വിശ്വാസത്തിന്റെ ലിഖിതമായ കരാറിന്റെ ഔദ്യോഗികരൂപം ആദ്യമായി കൊണ്ടുവന്നത് ഇസ്‌ലാമായിരുന്നു. അൽ അമീൻ (വിശ്വസ്തൻ) എന്നാണ് നബിതിരുമേനി അറിയപ്പെട്ടതുതന്നെ. ഹൈന്ദവതയിലായാലും ഇസ്‌ലാമിലായാലും സെക്സ് പാപമോ മനുഷ്യന്റെ ജന്മം പാപത്തിന്റെ ഫലമോ അല്ല.

മണ്ടത്തരവും വിവരക്കേടും കൊണ്ടാണ് ഹിന്ദുവർഗീയവാദികൾ തങ്ങളുടെ ശത്രുവായി ഇസ്‌ലാമിനെ കാണുന്നത്. സത്യത്തിൽ ഭാരതീയ ദർശനങ്ങളും പാശ്ചാത്യമായ ലോകവീക്ഷണവും തമ്മിലാണ് വൈരുധ്യമുള്ളത്. പടിഞ്ഞാറിന്റെ പദാർഥവാദപരമായ ലോകക്രമത്തിന് അടിപ്പെടാതെ ഭാരതീയ സംസ്കൃതിക്ക് അഭിമാനത്തോടെ പിടിച്ചുനിൽക്കണമെങ്കിൽ കൂട്ടാളിയായി കൂട്ടാവുന്നത് ഇസ്‌ലാം മാത്രമായിരിക്കും.

മുസ്‌ലിംകൾ അന്യവത്കരിക്കപ്പെടുകയും നാട് വർഗീയവത്കരിക്കപ്പെടുകയും ചെയ്യാതിരിക്കണമെങ്കിൽ ഭൂരിപക്ഷ സമുദായം രണ്ടേ രണ്ട് കാര്യങ്ങളേ ചെയ്യേണ്ടതുള്ളൂ. ഒന്ന്, ചരിത്രത്തിന്റെ പാഠങ്ങൾ വിനയത്തോടെ മറിച്ചു നോക്കി ഇനിയെങ്കിലും സാമ്രാജ്യത്വത്തിന്റെ വിഷലിപ്ത ആശയങ്ങളാൽ സ്വാധീനിക്കപ്പെടാതിരിക്കുക. രണ്ട്, ഹൈന്ദവതയുടെ രക്ഷാകർത്താക്കളായി സ്വയം അവരോധിക്കുകയും ഹൈന്ദവതയെക്കുറിച്ച് ഒരു ചുക്കും അറിയാതിരിക്കുകയും ചെയ്യുന്ന ഹിന്ദുത്വവാദികളെ ബഹിഷ്കരിച്ച് ഭാരതീയ സംസ്കൃതിയുടെ യഥാർഥ ആത്മാവിനെ തിരിച്ചുപി

ടിക്കുക. ബാംഗ്ലൂരിൽ പ്രവർത്തിക്കുന്ന കംപാഷനേറ്റ് ഹിന്ദു പോലുള്ള പ്രസ്ഥാനങ്ങളുടെ വ്യാപകമായ പ്രവർത്തനം കൊണ്ട് ഇത് തീർച്ചയായും സാധിക്കും. തെറ്റുതിരുത്തലിലെ തെറ്റുകൾ തിരുത്തുകയാണെങ്കിൽ കമ്യൂണിസ്റ്റുകാർക്കും സാർഥകമായി ഇടപെടാവുന്ന മണ്ഡലങ്ങളാണിത്. കൊളോണിയൽ കോംപ്ലക്സും കപട മതേതരത്വവും മാറ്റിവെച്ചാൽ കേരളീയനാണ് ഇത്തരം ദൗത്യങ്ങളിൽ നേതൃത്വപരമായ പങ്ക് വഹിക്കാൻ കഴിയുക.

## മണ്ണിന്റെ ഇസ്‌ലാം

നിങ്ങൾ ഈ നാടിന്റേതല്ല എന്ന് അധിക്ഷേപിച്ചുകൊണ്ടാണ് ഫാഷിസ്റ്റുകൾ എപ്പോഴും ന്യൂനപക്ഷത്തെ ഒതുക്കാറുള്ളത്. മറ്റുള്ളവർ അന്യരാണെന്ന് പറയുമ്പോഴേക്കും തങ്ങൾ അന്യരാണോ എന്ന് മുസ്‌ലിംകൾക്ക് സ്വയം സംശയം തോന്നിയാൽ വർഗീയവാദികളുടെ പണി എളുപ്പമാവുകയേയുള്ളൂ. ഇന്ത്യൻ മുസ്‌ലിംകൾ ഈ മണ്ണിന്റെ മക്കളാണ് എന്നത് ചരിത്രപരവും ജനിതകശാസ്ത്രപരവുമായ സത്യമാണ്. എൻ.എസ് മാധവന്റെ മുംബൈ എന്ന കഥയിൽ അസീസ് ചിത്രീകരിക്കപ്പെടുന്നപോലെ വേരുകൾ ഇല്ലാത്തവനല്ല ഇന്ത്യൻ മുസ്‌ലിം. പ്രമീളാ ഗോഖലയുടെ അതേ അളവിൽ തന്നെ അവന് പാരമ്പര്യത്തിന്റെ ആഴങ്ങളുണ്ട്. നാടിന്റെ കലാപരവും സാഹിത്യപരവുമായ സമ്പത്തുകൾ മുസ്‌ലിംകളുടെ കൂടി അധ്വാനത്താൽ സൃഷ്ടിക്കപ്പെട്ടതും അവർക്കും അവകാശപ്പെട്ടതുമാണ്.

എന്നാൽ സ്വന്തം മുതലുകൾ സ്വന്തമാണെന്ന് ഉറപ്പിച്ചുപറയാൻ ത്രാണിയില്ലാത്തവരിൽനിന്ന് മറ്റുള്ളവർ അത് തട്ടിയെടുക്കും. ഇവിടെയാണ് മണ്ണിന്റെ ഇസ്‌ലാം എന്ന സ്ഥാപിക്കലിന് പ്രസക്തിയേറുന്നത്. മണ്ണിന്റെ മണവും ഗുണവും പ്രദർശിപ്പിക്കുന്നത് മുസ്‌ലിംകളുടെ സ്വത്വത്തെ അപകടപ്പെടുത്തുമോ എന്ന ആശങ്ക ആസ്ഥാനത്താകുന്നു. അങ്ങനെയാണെങ്കിൽ മലയാളി മുസ്‌ലിമിന് അരിഭക്ഷണവും മലയാളവും ഉപേക്ഷിച്ചുകൊണ്ട് വ്യതിരിക്തത നിലനിർത്തേണ്ടിവരുമല്ലോ. അറേബ്യൻ മുസ്‌ലിമും ഇന്ത്യൻ മുസ്‌ലിമും ആഫ്രിക്കൻ മുസ്‌ലിമും സർഗാത്മകമായ വൈവിധ്യങ്ങളോടെ പൂത്തുലയണമെന്നായിരിക്കും സാംസ്കാരികമായ തിരിച്ചറിയൽ മൂല്യത്തിൽ ഊന്നുന്ന വേദപുസ്തകവും ആഗ്രഹിക്കുന്നത്. അതിനാൽ മണ്ണിന്റെ ഇസ്‌ലാം എന്ന ആശയം മതത്തെ അവിശുദ്ധീകരിക്കലല്ല, മതത്തിന് സാംസ്കാരികമായ സാന്ദ്രത പകരലാണ്.

ഏതായാലും കേരളത്തിലടക്കം പടർന്നുകൊണ്ടിരിക്കുന്ന വർഗീയമായ ചിന്താഗതികൾക്ക് പരിഹാരം കാണാൻ എല്ലാവരും ഉണർന്ന് പ്രവർത്തിക്കേണ്ട സമയമായിരിക്കുന്നു. ഇവരെക്കൊണ്ട് എന്താണ് ചെയ്യുക എന്ന ചോദ്യം മുസ്‌ലിംകളെ പറ്റി ഉയരുന്ന സമയത്ത് മലയാളി സാംസ്കാരികമായി തോൽപിക്കപ്പെടുന്നു എന്നാണ് അർഥം. ■

(അനുഭവം, വീക്ഷണം – *പച്ചക്കുതിര* ഫെബ്രുവരി 2010)